©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4 Vol. IV | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2015 മേയ് 26 26th May 2015 / 1190 ഇടവം 12 12th Idavam 1190 / 1937 ജ്യേഷ്ഠം 5 5th Jyaishta 1937 | നമ്പർ No. 1273 |

## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 179/2015/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2015 മേയ് 26, 1190 ഇടവം 12.*

**എസ്. ആർ. ഒ. നമ്പർ 340/2015.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ. ഉ. (എം. എസ്.) 91/94/എൽ.എ.ഡി. നമ്പർ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 478/94 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം V ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടും താഴെ പട്ടികയിലെ (2)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (3)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തുകളെ (4)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനപ്പെടുത്തി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിക്കുന്നതിനും അവയ്ക്ക് (5)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിക്കുന്നതിനും (6)-ാം കോളത്തിൽ

പറഞ്ഞിരിക്കുന്ന അതിർത്തികൾ നിർണ്ണയിക്കുന്നതിനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം, 2015 മേയ് 2-ാം തീയതിയിലെ ഇ.എം. 3/13(11)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനമായി 2015 മേയ് 5-ാം തീയതിയിലെ 1095-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും;

പ്രസ്തുത വിജ്ഞാപനപ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സർക്കാർ പരിഗണിച്ചുകൊണ്ടും;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, താഴെ പട്ടികയിലെ (2)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (3)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തുകളെ (4)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനപ്പെടുത്തിക്കൊണ്ട് അവയ്ക്ക് (5)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിച്ചുകൊണ്ടും (6)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന അതിർത്തികൾ നിർണ്ണയിച്ചുകൊണ്ടും 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം, ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു, അതായത്:—

പട്ടിക

| *ക്രമ നമ്പർ* | *ജില്ല* | *പരിവർത്തനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്ത്* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിൽ* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിലിന്റെ ആസ്ഥാനം* | *അതിർത്തികൾ* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | മലപ്പുറം | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് | കൊണ്ടോട്ടി | കൊണ്ടോട്ടി | *വടക്ക്*—പുളിക്കൽ, മുതുവല്ലൂർ, കുഴിവണ്ണ, മൊറയൂർ ഗ്രാമപഞ്ചായത്ത്<br>*കിഴക്ക്*—മൊറയൂർ ഗ്രാമപഞ്ചായത്ത്<br>*തെക്ക്*—പള്ളിക്കൽ, ഊരകം, കണ്ണമംഗലം ഗ്രാമപഞ്ചായത്തുകൾ<br>*പടിഞ്ഞാറ്*—പള്ളിക്കൽ, പുളിക്കൽ ഗ്രാമപഞ്ചായത്തുകൾ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 2 | കോഴിക്കോട് | ഫറോക്ക് ഗ്രാമപഞ്ചായത്ത് | ഫറോക്ക് | ഫറോക്ക് | *വടക്ക്*—കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, രാമനാട്ടുകര മുനിസിപ്പാലിറ്റി<br>*കിഴക്ക്*—ചേലമ്പ്ര ഗ്രാമപഞ്ചായത്ത്<br>*തെക്ക്*—കടലുണ്ടിപ്പുഴ<br>*പടിഞ്ഞാറ്*—കടലുണ്ടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് നഗരസ്വഭാവമാർജ്ജിച്ച ചില ഗ്രാമപഞ്ചായത്തുകളെ പരിവർത്തനപ്പെടുത്തി മുനിസിപ്പൽ കൗൺസിലുകളായി രൂപീകരിക്കുന്നതിനുള്ള ഉദ്ദേശ്യം 2015 മേയ് 2-ാം തീയതിയിലെ ഇ.എം. 3/13(11)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനമായി 2015 മേയ് 5-ാം തീയതിയിലെ 1095-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതുപ്രകാരം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഗ്രാമപഞ്ചായത്തുകളെയും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളെയും മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനപ്പെടുത്തി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.